14
2024
മാർച്ച്
വ്യാഴം
മീനം 1

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.152 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-152 പേജ് 4. വില 2.00 രൂപ

02 കൊടുംചൂടിന് ശമനമില്ല; 9 ജില്ലകളിൽ താപനില മുന്നറിയിപ്പ്

03 കടൽമിഴി പദ്ധതിയിൽ കൃപാസനം കടലോര കലകളെ ഉൾപ്പെടുത്തും: മന്ത്രി

04 ശബരിമല വിമാനത്താവളം: ഭൂമിയേറ്റെടുക്കൽ വിജ്ഞാപനമിറങ്ങി

# കടമെടുപ്പ് പ്രതിസന്ധിയുണ്ടാക്കുമെന്ന് കേന്ദ്രം ഇളവുനൽകണമെന്ന് സുപ്രിംകോടതി

ന്യൂഡൽഹി: ഈ സാമ്പത്തിക വർഷം 15,000 കോടി കൂടി കടമെടുക്കാൻ അനുവദിച്ചാൽ അടുത്ത സാമ്പത്തിക വർഷം കേരളത്തിലെ ജനങ്ങൾക്ക് പ്രതിസന്ധി ഉണ്ടാകുമെന്ന് കേന്ദ്ര സർക്കാർ. സുപ്രീം കോടതിക്ക് കൈമാറിയ കുറിപ്പിലാണ് കേന്ദ്രസർക്കാർ ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. സുപ്രീം കോടതി നിർദേശിച്ചതിനെ തുടർന്നാണ് കേരളത്തിന് ഒറ്റത്തവണ ഇളവിന് അനുമതി നൽകാമെന്ന് കോടതിയെ അറിയിച്ചതെന്ന് കേന്ദ്ര സർക്കാർ വൃത്തങ്ങൾ മാതൃഭുമി ന്യൂസിനോട് പറഞ്ഞു.

എന്തുകൊണ്ടാണ് കേരളത്തിന് കൂടുതൽ കടമെടുക്കാനുള്ള അനുമതി നിരസിക്കുന്നതെന്ന് സുപ്രീം കോടതിക്ക് നൽകിയ കുറിപ്പിൽ വിശദീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ കുറിപ്പിൽ നൽകിയിരിക്കുന്ന വിശദീകരണം ഇങ്ങനെ: 2024 25 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനമായി പ്രതീക്ഷിക്കുന്നത് 11,19,906 കോടി രൂപയാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ഇതിന്റെ മൂന്ന് ശതമാനം ആണ് കടമെടുക്കാൻ കഴിയുക.

2024 25 സാമ്പത്തിക വർഷത്തിൽ കേരളത്തിന് കടമെടുക്കാൻ കഴിയുന്നത് 33597 കോടിയാണ്. 2021 22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം എടുത്ത ബജറ്റ് ഇതര കടമെടുപ്പിലെ 4711 കോടി ഇതിൽനിന്ന് കുറയ്ക്കണം. അതുകഴിഞ്ഞ് സംസ്ഥാനത്തിന് കടമെടുക്കാൻ കഴിയുക 28886 കോടി രൂപയാണ്. ഈ തുകയുടെ 75 ശതമാനമാണ് ആദ്യ ഒമ്പത് മാസങ്ങളിൽ കടമെടുക്കാൻ കഴിയുക. അതായത് 21664 കോടി. കേരളം ഈ സാമ്പത്തിക വർഷം എടുക്കാൻ അനുവദിക്കണമെന്ന് പറയുന്ന തുക 15,000 കോടിയാണ്. ആ തുക അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യ ഒമ്പത് മാസങ്ങളിൽ കുറച്ചാൽ ശേഷിക്കുന്നത് 6,644 കോടി മാത്രമാണ്.



202324 സാമ്പത്തിക വർഷത്തിൽ കേരളത്തിന് ആദ്യ ഒമ്പത് മാസങ്ങളിൽ 21,852 കോടി കടമെടുക്കാനാണ് അനുമതി നൽകിയത്. അതായത് ശരാശരി 2428 കോടി രൂപയാണ് പ്രതിമാസം കടമെടുക്കാൻ അനുമതി ഉണ്ടായിരുന്നത്. എന്നാൽ, ആദ്യ ആറ് മാസത്തിനുള്ളിൽ തന്നെ കേരളം 21852 കോടി കടം എടുത്തിരുന്നു. പ്രതിമാസം ശരാശരി 3,642 കോടിയാണ് കേരളം കടമെടുത്തത്. സംസ്ഥാന സർക്കാരിന്റെ ചെലവുകൾ കണക്കിലെടുക്കുമ്പോൾ ഈ സാമ്പത്തിക വർഷത്തിലെ ആദ്യ ഒമ്പത് മാസം 6644 കോടികൊണ്ട് തികയില്ല. പ്രതിമാസം 740 കോടി മാത്രം കടമെടുക്കാൻ അനുവദിച്ചാൽ കേരളത്തിലെ ജനങ്ങൾ പ്രതിസന്ധിയിലാകുമെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിക്ക് നൽകിയ കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട്.

ഈ സാമ്പത്തിക വർഷം 5,000 കോടി കടമെടുക്കാൻ അനുവദിക്കുന്നതിന് കേന്ദ്രം സുപ്രീം കോടതിക്ക് നൽകിയ കുറിപ്പിൽ മുന്നോട്ട് വച്ചിരിക്കുന്ന നിബന്ധനകൾ ഇവയാണ്.

അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യ ഒമ്പത് മാസത്തെ കടമെടുപ്പ് പരിധിയിൽ 5,000 കോടി കുറയ്ക്കും. അടുത്ത സാമ്പത്തിക വർഷം മറ്റ് കടമെടുപ്പിന് അനുമതി നൽകില്ല. നിർദേശിക്കപ്പെട്ട രേഖകൾ ഹാജരാക്കിയാൽ മാത്രമേ കടമെടുക്കാൻ അനുമതി നൽകുകയുള്ളൂ. വരുമാനം കൂട്ടുന്നതിന് സർക്കാർ ബജറ്റിൽ പറഞ്ഞ പ്ലാൻ ബി എന്താണെന്ന് കേന്ദ്രത്തെ അറിയിക്കണം. 2024 25 സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിൽ ഈ നിർദേശങ്ങൾ നടപ്പാക്കണമെന്നും കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്രം സുപ്രീം കോടതിക്ക് കൈമാറിയ കണക്കുകൾ വസ്തുതാവിരുദ്ധമാണെന്ന് സീനിയർ അഭിഭാഷകൻ കപിൽ സിബൽ സുപ്രീം കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. അതിനാൽ ഈ കണക്കുകൾ പ്രസിദ്ധീകരിക്കുന്നതിൽനിന്ന് മാധ്യമങ്ങളെ വിലക്കണമെന്നും സിബൽ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ, ഈ ആവശ്യം സുപ്രീം കോടതി നിരാകരിച്ചിരുന്നു. അവകാശപ്പെട്ട കാര്യമാണ് കേരളം സ്യൂട്ട് ഹർജിയിൽ ആവശ്യപെടുന്നതെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

### കേരള സർവകലാശാല യുവജനോത്സവത്തിലെ കോഴ ആരോപണം

## അറസ്റ്റിലായ മാർഗംകളി വിധികർത്താവ് ജീവനൊടുക്കി



തിരുവനന്തപുരം : കേരള സർവകലാശാല യുവജനോത്സവത്തിൽ കോഴ ആരോപണം നേരിട്ട വിധികർത്താവ് കണ്ണൂർ ചൊവ്വ സ്വദേശി പി.എൻ. ഷാജി (52) ജീവനൊടുക്കി. യുവജനോത്സവത്തിൽ മാർഗം കളി മത്സരത്തിന്റെ വിധികർത്താവായിരുന്നു ഷാജി. കേസുമായി ബന്ധപ്പെട്ട് വ്യാഴാഴ്ച പൊലീസ് സ്റ്റേഷനിൽ ഹാജരാകാൻ ഷാജിയോട് ആവശ്യപ്പെട്ടിരുന്നു. ഷാജി എഴുതിയ ആത്മഹത്യാ കുറിപ്പ് പൊലീസ് കണ്ടെടുത്തു. താൻ കോഴ വാങ്ങിയിട്ടില്ലെന്നും നിരപരാധിയാണെന്നും അർഹതപ്പെട്ടവർക്കു മാത്രമാണ് മാർക്ക് നൽകിയതെന്നും ഷാജി കുറിപ്പിൽ വ്യക്തമാക്കി.

കേരള സർവകലാശാല യുവജനോത്സവത്തിൽ കൈക്കൂലി വാങ്ങി ഫലം അട്ടിമറിച്ചെന്ന ആരോപണത്തെ തുടർന്ന് ഷാജി ഉൾപ്പെടെ 3 പേർ അറസ്റ്റിലായിരുന്നു. ഷാജിക്കു പുറമേ പരിശീലകനും ഇടനിലക്കാരനുമെന്നു കരുതുന്ന കാസർകോട് പരപ്പ സ്വദേശി ജോമെറ്റ് (33), മലപ്പുറം താനൂർ സ്വദേശി സി.സൂരജ് (33) എന്നിവരെയാണ് സംഘാടകരുടെ പരാതിയുടെ അടിസ്ഥാനത്തിൽ കന്റോൺമെന്റ് പൊലീസ് അറസ്റ്റ് ചെയ്തത്.

# കടൽപ്പായലിൽ നിന്ന് ഭക്ഷണപാത്രവും ലെതർ ബദലുകളും

## സിഎസ്ഐആർഎൻഐഐഎസ്ടി സാങ്കേതികവിദ്യ അക്വാഗ്രിക്ക് കൈമാറി

തിരുവനന്തപുരം: കടൽപ്പായൽ, പുറന്തോടുള്ള കടൽജീവികൾ എന്നിവയിൽ നിന്ന് വിവിധോപയോഗ ഭക്ഷണപാത്രങ്ങളും (ബയോഡീഗ്രേഡബിൾ ടേബിൾവെയർ) പ്രകൃതിസൗഹൃദ ലെതർ ബദലുകളും നിർമ്മിക്കുന്നതിനായി സിഎസ്ഐആർഎൻഐഐഎസ്ടിയുടെ സാങ്കേതികവിദ്യ തമിഴ്നാട് ആസ്ഥാനമായ അക്വാഗ്രി പ്രോസസിംഗ് പ്രൈവറ്റ് ലിമിറ്റഡിന് കൈമാറി. ഇതു സംബന്ധിച്ച ധാരണാപത്രം ഇരു സ്ഥാപനങ്ങളും തമ്മിൽ ഒപ്പുവച്ചു. ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോഓപ്പറേറ്റീവിൻറെ (ഐഎഫ്എഫ്സിഒ) ദേശീയ സംരംഭമാണ് അക്വാഗ്രി.

സിഎസ്ഐആർഎൻഐഐഎസ്ടിയുടെ തിരുവനന്തപുരം പാപ്പനംകോട് കാമ്പസിൽ നടന്ന ചടങ്ങിൽ സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ സി.അനന്തരാമകൃഷ്ണൻ അക്വാഗ്രി ഡയറക്ടർ തൻമയേ സേത്തിന് ഇതു സംബന്ധിച്ച ധാരണാപത്രം കൈമാറി.

ഈ സഹകരണം കടൽപ്പായൽ കൃഷിയിലും സംസ്കരണത്തിലുമുള്ള അക്വാഗ്രിയുടെ അനുഭവപരിചയവും അത്യാധുനിക സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നതിൽ എൻഐഐഎസ്ടിയുടെ വൈദഗ്ധ്യവും ഐഎഫ്എഫ്സിഒയുടെ വിപുലമായ കാർഷിക വിതരണ ബന്ധവും കോർത്തിണക്കാൻ സഹായിക്കും. ഇത് തുകൽ വ്യവസായത്തിന് സുസ്ഥിര പരിഹാരവും ഉപഭോക്താക്കൾക്ക് പ്ലാസ്റ്റിക് രഹിതപരിസ്ഥിതി സൗഹൃദ ബദലും സാധ്യമാക്കും. ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പൈലറ്റ് ഉൽപ്പാദന കേന്ദ്രം തമിഴ് നാട്ടിലെ മാനാമധുരയിൽ സ്ഥാപിക്കും.

ഇന്ത്യക്ക് 8100 കിലോമീറ്റർ തീരപ്രദേശവും 2.17 ദശലക്ഷം ചതുരശ്ര കിലോമീറ്റർ (മൊത്തം ഭൂപ്രദേശത്തിൻറെ 66% ന് തുല്യം) പ്രത്യേക സാമ്പത്തിക മേഖലയുമുണ്ടെന്നും അവിടത്തെ മനുഷ്യരിൽ ഏതാണ്ട് 30% സമുദ്ര വിഭവങ്ങളെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരാണെന്നും സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ സി.അനന്തരാമകൃഷ്ണൻ പറഞ്ഞു. വൈവിധ്യമാർന്ന കടൽപ്പായലുകളുടെ വളർച്ചയെ സഹായിക്കുന്നതാണ് ഇന്ത്യയിലെ തീരദേശ ആവാസവ്യവസ്ഥ. ഈ പരിസ്ഥിതി സൗഹൃദ ബദലുകളുടെ ഉത്പാദനത്തിൽ ഭാഗമാകുന്നതിലൂടെ തീരവാസികളുടെയും കർഷകരുടെയും വരുമാനം വർധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സിഎസ്ഐആർഎൻഐഐഎസ്ടി സയൻറിസ്റ്റ് ഡോ. ആഞ്ജനേയലു കൊത്തകൊട്ടയുടെ നേതൃത്വത്തിലാണ് ഈ സാങ്കേതികവിദ്യ വികസിപ്പിച്ചത്.

കൃഷി, മൃഗസംരക്ഷണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ പ്രയോജനപ്പെടുത്തുന്ന കടൽപ്പായൽ ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലാണ് അക്വാഗ്രി ഏർപ്പെട്ടിരിക്കുന്നത്.

ഐഎഫ്എഫ്സിഒയുടെ ഉപസ്ഥാപനമായ ഐഎഫ്എഫ്സിഒ ബസാർ ലിമിറ്റഡിന് 2017 മുതൽ അക്വാഗ്രിയിൽ 50% ഓഹരിയുണ്ട്.



ബയോഡീഗ്രേഡബിൾ ടേബിൾവെയർ നിർമ്മിക്കുന്നതിനുള്ള സിഎസ്ഐആർഎൻഐഐഎസ്ടി സാങ്കേതികവിദ്യയുടെ ധാരണാപത്രം സിഎസ്ഐആർഎൻഐഐഎസ്ടി ഡയറക്ടർ സി.അനന്തരാമകൃഷ്ണൻ അക്വാഗ്രി പ്രൊസസിംഗ് ഡയറക്ടർ തൻമയേ സേത്തിന് കൈമാറുന്നു. സിഎസ്ഐആർഎൻഐഐഎസ്ടി ബിസിനസ് ഡെവലപ്മെന്റ് വിഭാഗം മേധാവി ഡോ. പി. നിഷി, ബിസിനസ് ഡെവലപ്മെന്റ് ഡിവിഷൻ സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് പ്രവീൺ രാജ്, സിഎസ്ഐആർഎൻഐഐഎസ്ടി സയന്റിസ്റ്റ് ഡോ. ആഞ്ജനേയലു കൊത്തകൊട്ട, അക്വാഗ്രി വൈസ് പ്രസിഡന്റ് ഡോ. ജിതേന്ദ്ര, ജനറൽ മാനേജർ ശുഭകർൺ, ഡെപ്യൂട്ടി ജനറൽ മാനേജർ സുരേഷ്, എൻജിനീയർ കറുപ്പയ്യ തുടങ്ങിയവർ സമീപം.

### എൻ പി പ്രഭാകരന്റെ ഒന്നാം ചരമ വാർഷികം മാർച്ചുമാസം പത്തിനായിരുന്നു

# നിലച്ചുപോയ സംഗീതം

മോഹൻ ശ്രീശൈലം

സർവീസ് സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായിരുന്ന പ്രഭാകരൻ രാഷ്ട്രീയ, സാംസ്കാരിക രംഗത്തും സജീവമായിരുന്നു. സിത്താര കൃഷ്ണകുമാർ അടക്കം ഒട്ടേറെപ്പേർക്ക് സംഗീത ലോകത്തേക്കു വഴികാട്ടിയത് അദ്ദേഹമാണ്.

പൂനിലാവ്, അളകനന്ദ, ആനപ്പാറ അച്ചാമ്മ, ഇവൾ ദ്രൗപദി, അനുയാത്ര തുടങ്ങിയ സിനിമകൾക്കു സംഗീതസംവിധാനം നിർവഹിച്ചിട്ടുണ്ട്. തരംഗിണിയുടെ ഓണഗാനങ്ങൾ അടക്കം നിരവധി ആൽബങ്ങൾക്കും ടിവി പരമ്പരകൾക്കും നാടകങ്ങൾക്കും സംഗീതം നൽകിയിട്ടുണ്ട്...



കെ.ജെ. യേശുദാസിന്റെ തരംഗിണി ഉത്സവ ഗാനങ്ങൾക്കും നൂറോളം നാടകഗാനങ്ങൾക്കും സംഗീതം നൽകിയിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാല റിട്ട. ജീവനക്കാരനായിരുന്നു.

കോഴിക്കോട് ആകാശവാണിയിൽ ഒരു റിക്കോഡിങ് കഴിഞ്ഞ് തിരിച്ച് തിരുവനന്തപുരത്തേക്ക് ട്രെയിനിൽ പോരുന്നതിനിടെ തൃശൂരിനടുത്തുവച്ച് നെഞ്ചുവേദന അനുഭവപ്പെട്ടു. ഉടൻ റയിൽവെ ഉദ്യോഗസ്ഥർ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. പോസ്റ്റുമോർട്ടത്തിനുശേഷം ഭൗതികശരീരം കോട്ടയത്തെ തറവാട്ടുവീട്ടിലേക്ക് കൊണ്ടുപോയി .

ഭാര്യ: ഉഷ (നീണ്ടൂർ പാലമൂട്ടിൽ കുടുംബാംഗം). മക്കൾ: അനീഷ് പ്രഭു (ഐ.ടി. ബെംഗളൂരു) ആനന്ദ് പ്രഭു (ഐ.എസ്.ആർ.ഒ. ടെക്നിക്കൽ ഉദ്യോഗസ്ഥൻ തിരുവനന്തപുരം). മരുമക്കൾ: അശ്വതി (എൻജിനീയർ പി.ഡബ്ല്യു.ഡി.), ദീപ്തി.



# കൊടുംചൂടിന് ശമനമില്ല; ഒമ്പതു ജില്ലകളിൽ താപനില മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് കൊടുംചൂട് ഉയരുന്നതിൻറെ പശ്ചാത്തലത്തിൽ ഇന്നു മുതൽ ഞായറാഴ്ച വരെ ഒമ്പതു ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പ് പുറപ്പെടുവിച്ചു. പാലക്കാട്, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കടുത്ത ചൂടിനാണ് സാധ്യത. ഒന്നാംഘട്ട അലർട്ടായ യെല്ലോ അലർട്ടാണ് ഇവിടങ്ങളിൽ പുറപ്പെടുവിച്ചിരിക്കുന്നത്.

പാലക്കാട്, കൊല്ലം ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും തൃശൂർ ജില്ലയിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു. സാധാരണയേക്കാൾ രണ്ടുമുതൽ നാലു ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്നാണ് മുന്നറിയിപ്പ്.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പ് നൽകി.

കഴിഞ്ഞ ദിവസങ്ങളിലും ഇത്തരത്തിൽ താപനില മുന്നറിയിപ്പ് പുറപ്പെടുവിച്ചിരുന്നു. ഇതിനു പിന്നാലെ ആരോഗ്യവകുപ്പ് അടക്കം ചില മാർഗനിർദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. സൂര്യാഘാതത്തിനുള്ള സാധ്യത കൂടുതലായതിനാൽ പകൽസമയങ്ങളിൽ 11 മുതൽ മൂന്നുവരെ പുറത്തു കഴിയുന്നത് കഴിവതും ഒഴിവാക്കണമെന്നും നിർദേശം നല്കിയിരുന്നു.

സംസ്ഥാനത്ത് ഉയർന്ന ചൂട് റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റി പൊതുജനങ്ങൾക്കായി ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങിയ നിരവധി ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. അതുകൊണ്ട് പൊതുജനങ്ങൾ താഴെപ്പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണെന്ന് ദുരന്ത നിവാരണ അഥോറിറ്റി അറിയിച്ചു.

## ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം

202324 അധ്യയന വർഷത്തെ കീം (Engineering/Architecture, MBBS/BDS/B-Pharm/Medical Allied Courses) പ്രവേശനവുമായി ബന്ധപ്പെട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കിയിട്ടുള്ളവരിൽ റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികളിൽ ഇതുവരെയും അക്കൗണ്ട് ഡീറ്റെയിൽസ് അപ്‌ലോഡ് ചെയ്യാത്തവർക്കും, അക്കൗണ്ട് ഡീറ്റെയിൽസ് തെറ്റായതു കാരണം റീഫണ്ട് ലഭിക്കാത്തവർക്കും തുക ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചു. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. റീഫണ്ട് ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികൾ www.cee.kerala.gov.in ലെ KEAM 2023 Candidate Portal എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് Su-bm-i-t B-an-k A-c-coun-t D-e-ta-i-l-s എന്ന മെനു ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മാർച്ച് 21ന് വൈകിട്ട് അഞ്ചുവരെ ഓൺലൈനായി സമർപ്പിക്കാം. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക. അക്ക

ൗണ്ട് വിവരങ്ങൾ കൃത്യമായി നൽകാത്തവരുടെ തുക ഇനിയൊരറിയിപ്പില്ലാതെ തന്നെ സർക്കാരിലേക്ക് മുതൽക്കൂട്ടും. ഹെൽപ്പ് ലൈൻ നമ്പർ: 0471

## പൗരത്വ നിയമ ഭേദഗതി; രാജ്ഭവനു മുന്നിൽ കോൺഗ്രസ് പ്രതിഷേധം ഇന്ന്

തിരുവനന്തപുരം: പൗരത്വ നിയമ ഭേദഗതിക്കെതിരേ രാജ്ഭവനു മുന്നിൽ കോൺഗ്രസ് ഇന്ന് പ്രതിഷേധം നടത്തും. ഇന്ന് ഉച്ചയ്ക്ക് 12 മുതൽ രണ്ടുവരെ കെപിസിസിയുടെ നേതൃത്വത്തിൽ കോൺഗ്രസ് നേതാക്കൾ രാജ്ഭവനു മുന്നിൽ പ്രതിഷേധ ധർണ നടത്തും. പൗരത്വ നിയമ ഭേദഗതി അറബിക്കടലിൽ എന്ന മുദ്രാവാക്യം ഉയർത്തിയാണ് പ്രതിഷേധം. തെരഞ്ഞെടുപ്പു പ്രഖ്യാപിക്കാൻ ദിവസങ്ങൾ മാത്രമുള്ളപ്പോൾ പെട്ടെന്നു പൗരത്വ നിയമ ഭേദഗതി വിജ്ഞാപനമായി ഇറക്കിയതു തെരഞ്ഞെടുപ്പു സ്റ്റണ്ടാണെന്നും വർഗീയ ധ്രുവീകരണം ഉണ്ടാക്കി തെരഞ്ഞെടുപ്പിൽ വോട്ടുപിടിക്കാനാണു ശ്രമമെന്നുമാണ് കോൺഗ്രസ് ആരോപിക്കുന്നത്. ചൊവ്വാഴ്ച എൽഡിഎഫിൻറെ പ്രതിഷേധമാർച്ച് തിരുവനന്തപുരത്ത് സംഘടിപ്പിച്ചിരുന്നു. പാളയം രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് എജീസ് ഓഫീസി വരെയാണ് പ്രതിഷേധ മാർച്ച് നടത്തിയത്. വരുംദിവസങ്ങളിൽ കൂടുതൽ പ്രതിഷേധ പരിപാടികളും എൽഡിഎഫ് സംഘടിപ്പിക്കുന്നുണ്ട്.

# കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന സാഹചര്യം ഒഴിവാക്കാനും നിയമങ്ങൾക്ക് കഴിയണം: മന്ത്രി പി. രാജീവ്

കുറ്റം ചെയ്യുന്നവരെ കണ്ടെത്തി ശിക്ഷിക്കുക എന്ന പരിമിതമായ ലക്ഷ്യം മാത്രമല്ല കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന സാഹചര്യം ഒഴിവാക്കാനും കുറ്റകൃത്യങ്ങളില്ലാത്ത സമൂഹനിർമിതി രൂപപ്പെടുത്താനുമുള്ള ഒരു പടവ് കൂടിയാണ് നിയമമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. സ്ത്രീകൾക്കും കുട്ടികൾക്കും നിയമ അവബോധം നൽകുന്നതിന് നിയമ (ഔദ്യോഗികഭാഷപ്രസിദ്ധീകരണ സെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാറ്റൊലി പദ്ധതിയുടെ സമാപനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കുറ്റം ചെയ്യുന്നവർ ശിക്ഷിക്കപ്പെടുമ്പോൾ മാത്രമല്ല കുറ്റകൃത്യത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കിയാൽ മാത്രമേ സമൂഹത്തിൽ നിയമ അവബോധം ശക്തിപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിയമത്തെക്കുറിച്ചുള്ള വ്യക്തത സമൂഹത്തിന് ഉണ്ടാകണം. നിയമം അറിയില്ല എന്നത് കുറ്റകൃത്യത്തിൽ നിന്നും രക്ഷപ്പെടാനുള്ള വഴിയല്ല. പുതിയ നിയമങ്ങൾ വരുമ്പോൾ അതുവരെ കുറ്റകൃത്യമാണെന്ന് നിർവചിക്കപ്പെട്ടിട്ടില്ലാത്ത പലതും നിയമവരുദ്ധമായി മാറിയേക്കാം. ഇത്തരം സന്ദർഭങ്ങളിൽ ആ നിയമത്തെ അടിസ്ഥാനപ്പെടുത്തിയുള്ള കുറ്റകൃത്യങ്ങൾ വർധിക്കുകയാണെങ്കിൽ അവിടെ നിയമ അവബോധം സൃഷ്ടിപ്പെടുന്നില്ല എന്നാണ് മനസ്സിലാക്കേണ്ടത്. ഭരണഘടനയേയും നിയമത്തെക്കുറിച്ച കുറിച്ചുള്ള ധാരണയാണ് ഒരു സമൂഹം വികസിതമാണോ അല്ലയോ എന്നതിന്റെ സൂചകങ്ങളിലൊന്ന്.

ഒരു നിയമവിരുദ്ധ പ്രവർത്തനം ചെയ്യുന്നത് ഒരു കുറ്റമാണ് എന്നതിനപ്പുറത്തേക്ക് ഒരു ആധുനിക സമൂഹത്തിന് ചേരുന്നതല്ല എന്നതിലേക്ക് വികസിക്കുമ്പോൾ മാത്രമാണ് നിയമ അവബോധം ശക്തിപ്പെടുന്നത്. ആ തലത്തിലേക്ക് വികസിക്കാൻ കഴിഞ്ഞാൽ സ്വാഭാവികമായിട്ടും കുറ്റകൃത്യങ്ങളുടെ എണ്ണം കുറയ്ക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു. അതുകൊണ്ടുതന്നെ നിയമ അവബോധം വളർത്താനുള്ള നിയമവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകാണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

പോക്സോ നിയമത്തെ ആസ്പദമാക്കി നിയമവകുപ്പ് കെ.എസ്.എഫ്.ഡി.സിയുടെ സഹയത്തോടെ നിർമ്മിച്ച ഹസ്വ ചിത്രം ചടങ്ങിൽ പ്രദർശിപ്പിച്ചു.

തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി. ആർ. നിശാന്തിനി മുഖ്യപ്രഭാഷണം നടത്തി. നിയമസെക്രട്ടറി കെ.ജി സനൽകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ അഡീഷണൽ നിയമ സെക്രട്ടറി എൻ. ജ്യോതി, ലീഗൽ അസിസ്റ്റന്റ് കെ. എസ്. സൈജു എന്നിവർ പങ്കെടുത്തു.



നിയമ (ഔദ്യോഗികഭാഷ - പ്രസിദ്ധീകരണസെൽ) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മാറ്റൊലി പദ്ധതിയുടെ സമാപനം മന്ത്രി പി. രാജീവ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്നു.




സംസ്ഥാന സർക്കാർ സപ്ലൈകോ വഴി വിപണിയിലെത്തിക്കുന്ന ശബരി കെ-റൈസിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.

# കെ റൈസ് വിപണിയിൽ; ക്ഷേമവികസനത്തിൽനിന്നു സർക്കാർ പിന്നോട്ടില്ലെന്നതിന്റെ ദൃഷ്ടാന്തമെന്നു മുഖ്യമന്ത്രി

സപ്ലൈകോ വഴി സംസ്ഥാന സർക്കാർ പുറത്തിറക്കുന്ന ശബരി കെറൈസ് വിപണിയിൽ. കെറൈസ് വിപണിയിലെത്തിക്കുന്നതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പ്രതികൂല സാഹചര്യങ്ങളിലും ഒരൊറ്റ ക്ഷേമവികസന പദ്ധതിയിൽനിന്നും സംസ്ഥാന സർക്കാർ പിന്നോട്ടുപോകില്ലെന്നും ഈ നിലപാടിന്റെ ദൃഷ്ടാന്തമാണു ശബരി കെറൈസെന്നും മുഖ്യമന്ത്രി പറഞ്ഞു.

കമ്പോളത്തിൽ പല ബ്രാൻഡുകളോടും മത്സരിക്കുന്ന സപ്ലൈകോയുടെ ബ്രാൻഡിങ് പ്രധാനമാണെന്നതു മുൻനിർത്തിയാണു ശബരി കെറൈസ് എന്ന പ്രത്യേക ബ്രാൻഡിൽ അരി വിപണിയിലെത്തിക്കുന്നതെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഉത്പന്നങ്ങൾക്കു മികച്ച വിപണിവില ലഭിക്കുന്നതിൽ ബ്രാൻഡിങിനു വലിയ പങ്കുണ്ട്. കിലായ്ക്കു 40 രൂപയോളം ചെലവഴിച്ചു സർക്കാർ വാങ്ങുന്ന ഈ അരി മട്ട, ജയ, കുറുമ ഇനങ്ങൾ 29/30 രൂപയ്ക്കു പൊതുജനങ്ങൾക്കു നൽകുകയാണ്. ഓരോ കിലോയ്ക്കും 10 മുതൽ 11 രൂപ വരെ സബ്സിഡി നൽകി ഫലപ്രദമായ വിപണി ഇടപെടലാണു സർക്കാർ ഉറപ്പാക്കുന്നത്. കെറൈസിനു പുറമേ സപ്ലൈകോ വിൽപ്പനശാലകൾ വഴി അഞ്ചു കിലോ അരി കൂടി പൊതുജനങ്ങൾക്കു ലഭിക്കും.

സംസ്ഥാനത്തിനു ലഭിച്ചുകൊണ്ടിരുന്ന പരിമിതമായ ഭക്ഷ്യധാന്യ വിഹിതംപോലും വെട്ടിക്കുറയ്ക്കുന്ന സാഹചര്യമാണു നിലനിൽക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതനു മുൻപ് 16,25000 മെട്രിക് ടൺ ഭക്ഷ്യധാന്യം കേരളത്തിനു ലഭിച്ചിരുന്നു. ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കിയതോടെ വിഹിതം 14,25000 മെട്രിക് ടണ്ണായി കുറഞ്ഞു. ഇതിൽ 10,26000 മെട്രിക് ടൺ മുൻഗണനാ വിഭാഗത്തിനാണ് അനുവദിക്കുന്നത്. അതു കേരളത്തിൽ 43 ശതമാനം വരും. 57 ശതമാനം മുൻഗണനേതര വിഭാഗക്കാർക്കായി സംസ്ഥാനത്തിനുള്ള ഒരു മാസത്തെ അരി വിഹിതം 33294 മെട്രിക് ടണ്ണാണ്. ഈ പ്രതിമാസ സീലിങ് ഉള്ളതിനാൽ പ്രത്യേക ഉത്സവങ്ങൾ, ദുരന്തങ്ങൾ തുടങ്ങി കൂടുതൽ അരി നൽകേണ്ട സാഹചര്യങ്ങളിൽ നൽകാൻകഴിയാത്ത സ്ഥിതിയുണ്ടാക്കുന്നു. ഇത്തരമൊരു സാഹചര്യം വന്നപ്പോഴാണ് അതു മറികടക്കാൻ എഫ്സിഐ വഴി ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീമിൽ സംസ്ഥാനം പങ്കെടുത്ത്, സപ്ലൈകോ 29 രൂപ നിരക്കിൽ അരി വാങ്ങി 2324 രൂപ നിരക്കിൽ വിതരണം ചെയ്തിരുന്നത്. ഇതു സംസ്ഥാനത്ത് അരിവില പിടിച്ചുനിർത്തുന്നതിനു വലിയ തോതിൽ സഹായിച്ചു. ഇപ്പോൾ അതും തടഞ്ഞിരിക്കുന്നു. ഓപ്പൺ മാർക്കറ്റ് സെയിൽ സ്കീം ലേലത്തിൽ പങ്കെടുക്കാൻ കഴിയാത്തതരം നിബന്ധനകൾ ഇതിനായി മുന്നോട്ടുവച്ചു.

സപ്ലൈകോ മുഖേന 24 രൂപ നിരക്കിലും റേഷൻ കടകൾ വഴി 10.90 രൂപ നിരക്കിലും നൽകിയിരുന്ന അരി 'ഭാരത് റൈസ്'എന്ന പേരിൽ 29 രൂപ നിരക്കു നിശ്ചയിച്ച് ഇപ്പോൾ വിപണിയിലിറക്കുകയാണ്. 18.59 രൂപ നിരക്കിൽ വാങ്ങുന്ന ഈ അരിയാണ് 29 രൂപ നിരക്കു നിശ്ചയിച്ചു വിൽക്കുന്നത്. കേന്ദ്രം അരി വിതരണം നേരിട്ട് ഏറ്റെടുത്തതു ലാഭേച്ഛയും രാഷ്ട്രീയ ലാഭവും മുൻനിർത്തിയാണ്. അതേ സമയം, കെറൈസ് 11 രൂപയോളം സബ്സിഡി നൽകിക്കൊണ്ടു സംസ്ഥാനം വിതരണം ചെയ്യുന്നത്. രണ്ടു സമീപനത്തിലെ വ്യത്യാസമാണ് ഇതിൽ കാണേണ്ടത്. രാജ്യത്തിനാകെ മാതൃകയായ പൊതുവിതരണ സമ്പ്രദായമാണു സംസ്ഥാനം സ്വീകരിച്ചുവരുന്നത്. അതു കൂടുതൽ ശക്തിപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.സപ്ലൈകോ മുഖേന വിലകുറച്ചു നൽകുന്ന 13 ഇനം നിത്യോപയോഗ സാധനങ്ങൾ വരുന്ന രണ്ടാഴ്ചകൊണ്ട് വിപണന കേന്ദ്രങ്ങളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. ഏപ്രിൽ 13 വരെ വിവിധ നിത്യോപയോഗ സാധനങ്ങൾക്ക് വൻ വിലക്കിഴിവ് നല്കുന്ന 'ഗോൾഡൻ ഓഫർ' എന്ന പേരിലുള്ള പദ്ധതിയും സപ്ലൈകോ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിന്റെ ഭക്ഷ്യ, ധാന്യ വിപണിയിൽ ഫലപ്രദമായ ഇടപെടലുകളാണു സപ്ലൈകോ നടത്തിവരുന്നത്. സപ്ലൈകോയ്ക്കെതിരായി തെറ്റിധാരണ പരത്തുന്നതരത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ തിരിച്ചറിയണമെന്നും ഇക്കാര്യത്തിൽ ജനങ്ങൾ ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്നും മന്ത്രി പറഞ്ഞു. തിരുവനന്തപുരം അയ്യങ്കാളി ഹാളിൽ നടന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി ആദ്യ വിൽപ്പന നിർവഹിച്ചു. മേയർ ആര്യ രാജേന്ദ്രൻ, ആന്റണി രാജു എം.എൽ.എ, ഡെപ്യൂട്ടി മേയർ പി.കെ. രാജു, കൗൺസിലർ പാളയം രാജൻ, സപ്ലൈകോ ജനറൽ മാനേജർ സൂരജ് ഷാജി, മേഖലാ മാനേജർ ജലജ ജി.എസ്. റാണി എന്നിവർ പങ്കെടുത്തു.

# പട്ടിക വിഭാഗക്കാർക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

പട്ടികജാതി വിഭാഗത്തിലുള്ളവർക്കായി പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേക്കും, പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കായി കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി നടത്തുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലന പദ്ധതിയിലേക്കും അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവ്വകലാശാല ബിരുദമാണ് അടിസ്ഥാന യോഗ്യത. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകളിൽ ബിരുദ/ബിരുദാനന്തരമുള്ളവർക്കും മറ്റ് വിഷയങ്ങളിൽ ഉയർന്ന മാർക്കോടെ ബിരുദ/ബിരുദാനന്തരമുള്ളവർക്കും മുൻഗണന നൽകും.

നിലവിൽ പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. ഇവർ കൂടികാഴ്ചയിൽ പങ്കെടുക്കുന്ന സമയത്ത് യോഗ്യത തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം. പ്രായപരിധി 01.04.2024 ൽ 2036 വയസ്.

ആകെ ലഭിക്കുന്ന അപേക്ഷകളിൽ നിശ്ചിത എണ്ണം അപേക്ഷകരെ അവരുടെ നിലവിലുള്ള അക്കാദമിക്ക് മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് കോളീജിയേറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് മുഖേന ഓറിയന്റേഷൻ ക്ലാസിൽ പങ്കെടുക്കുന്നതിന് അവസരം നൽകും.

ഈ ക്ലാസ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഐ.സി.എസ്.ഇ.റ്റി.എസ് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവ നടത്തി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് ഉയർന്ന മാർക്കുള്ള 60 പട്ടികജാതി വിഭാഗത്തിലെ കുട്ടികളെ ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേക്കും ലിസ്റ്റിൽ ബാക്കിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ കുട്ടികളിൽ നിന്ന് നിശ്ചിത എണ്ണം കുട്ടികളെ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന പരിശീലന പദ്ധതിയിൽ പങ്കെടുക്കുന്നതിനും അവസരം നൽകും. ഓറിയന്റേഷൻ ക്ലാസിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രതിമാസം 1500 രൂപ പോക്കറ്റ് മണി അനുവദിക്കും.

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നവരിൽ ആകെ സീറ്റിന്റെ 25 ശതമാനം പട്ടികജാതിയിലെ ദുർബല വിഭാഗങ്ങൾ ആയ (വേടൻ, നായാടി, അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി) വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകർക്കായി നീക്കിവയ്ക്കുന്നതാണ്. 50 പേർക്ക് കേരളത്തിലെ അവർ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നടത്താം. 10 പേർക്ക് കേരളത്തിന് പുറത്ത അവർ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നേടാൻ അവസരം നൽകും. ഐ.സി.എസ്.ഇ.റ്റി.എസ് പ്രിൻസിപ്പലിന്റെ പരിശോധനയുടേയും പഠന പുരോഗതി സംബന്ധിച്ച വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പ് തുക അനുവദിക്കുക. സ്കോളർഷിപ്പ് തുക സംബന്ധിച്ച വിശദ വിവരങ്ങൾ ഠഠഠ.ശരലെേ.ീൃഴ എന്ന വെബ്സൈറ്റിൽ ലഭിക്കും.

ഓറിയന്റേഷൻ ക്ലാസ് വിജയകരമായി പൂർത്തിയാക്കിയവർക്ക് സിവിൽ സർവ്വീസ് പ്രിലിമിനറി പരീക്ഷാ സിലബസ് അടിസ്ഥാനമാക്കി എഴുത്ത് പരീക്ഷയും അഭിമുഖവും നടത്തും. ഒബ്ജക്ടീവ് മാതൃകയിൽ 100 മാർക്കിന്റെ 90 മിനിട്ട് ദൈർഘ്യമുള്ള പരീക്ഷയ്കക്ക് നെഗറ്റീവ് മാർക്ക് ബാധകമായിരിക്കും. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട് , കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ വച്ച് എഴുത്ത് പരീക്ഷ നടത്തും.

ഐ.സി.എസ്.ഇ.റ്റി.എസ് ന്റെ വെബ്സൈറ്റായ www.icsets.org മുഖേന ഓൺലൈനായി മാത്രം അപേക്ഷിക്കാം. അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി: മാർച്ച് 27ന് വൈകുന്നേരം 5 മണി. പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും അഭിമുഖത്തിന് തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള അറിയിപ്പും അപേക്ഷയിൽ രേഖപ്പെടുത്തിയ ഇ മെയിൽ വിലാസത്തിൽ അയയ്ക്കും. ഇത് സംബന്ധിച്ച മറ്റു തരത്തിലുള്ള അറിയിപ്പ് ലഭ്യമാക്കുന്നതല്ല.

പ്രവേശന പരീക്ഷയും തുടർന്നുള്ള അഭിമുഖവും സംബന്ധിച്ചുള്ള അറിയിപ്പുകൾക്ക് വെബ്സൈറ്റ് പരിശോധിക്കണം. പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക്: 0471 2533272, 8547630004, 9446412579 വെബ്സൈറ്റ്: WWW.ICSETS.ORG, WWW.ICSETS@GMAIL.COM .




സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ച ഇ-ജേണൽ കൺസോർഷ്യവുമായി ബന്ധപ്പെട്ട ഏകദിന ശിൽപ്പശാല മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

# സിനിമ തുടക്കം മുതൽ കാണിച്ചില്ല; തിയേറ്റർ ഉടമ 50, 000 രൂപ നഷ്ടപരിഹാരം നൽകാൻ ഉത്തരവ്

മലപ്പുറം: തുടക്കംമുതൽ സിനിമ കാണാൻ അവസരം നിഷേധിച്ചതിന് തിയറ്ററുടമ പരാതിക്കാർക്ക് 50, 000 രൂപ നഷ്ടപരിഹാരം നൽകണമെന്ന് മലപ്പുറം ജില്ലാ ഉപഭോക്തൃ കമ്മീഷൻറെ വിധി.

പെരിന്തൽമണ്ണ പ്ലാസ തിയറ്ററിനെതിരെ ഏലംകുളം സ്വദേശികളായ ശരത്ത്, ആനന്ദ്, സുജീഷ്, വിജേഷ്, നിഖിൽ എന്നിവർ നൽകിയ ഹർജിയിലാണ് ഉത്തരവ്. കോടതി ചെലവിലേക്കായി 10, 000 രൂപയും നൽകണം. 2023 എപ്രിൽ 30ന് രാത്രി ഏഴിനുള്ള ' പൊന്നിയൻ സെൽവൻ 2 ' കാണാനായി വൈകിട്ട് 6.45 നാണ് പരാതിക്കാർ തിയറ്ററിലെത്തിയത്. തിയറ്റർ വൃത്തിയാക്കുകയാണെന്ന് അറിയിച്ച് 10 മിനിറ്റ് കഴിഞ്ഞാണ് ഇവരെ പ്രവേശിപ്പിച്ചത്.

എന്നാൽ ഏഴിന് തന്നെ പ്രദർശനം തുടങ്ങിയിരുന്നു. പ്രതിഷേധം അറിയിച്ചവരോട് തിയറ്റർ അധികൃതർ മോശമായി പെരുമാറിയെന്നും പരാതിയിൽ പറയുന്നു.

രണ്ട് മിനിറ്റ് മാത്രമാണ് വൃത്തിയാക്കാനെടുത്തതെന്നും മഴ കാരണം പരാതിക്കാർ ഉൾപ്പെടെ ഓൺലൈനിൽ ബുക്ക്ചെയ്തവർ വൈകിയാണ് എത്തിയതെന്നുമായിരുന്നു തീയറ്റർ അധികൃതരുടെ വാദം. എന്നാൽ സേവനത്തിലെ വീഴ്ചയാണ് തീയറ്റർ അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായതെന്ന് ചൂണ്ടിക്കാട്ടിയാണ് കമ്മീഷൻറെ! വിധി. ഒരു മാസത്തിനകം നഷ്ടപരിഹാരം നൽകിയില്ലെങ്കിൽ ഒമ്പത് ശതമാനം പലിശയും നൽകണം.

കെ. മോഹൻദാസ് പ്രസിഡൻറും പ്രീതി ശിവരാമൻ, സി. വി. മുഹമ്മദ് ഇസ്മയിൽ എന്നിവർ അംഗങ്ങളുമായ കമീഷനാണ് പിഴ നൽകാൻ ഉത്തരവിട്ടത്.

# ഇ ജേണലുകൾ കോളേജുകൾക്കും ലഭ്യമാക്കുന്നത് പരിഗണിക്കും: മന്ത്രി ഡോ. ആർ ബിന്ദു

*** ഏകദിന ശിൽപ്പശാല മന്ത്രി ഡോ. ആർ ബിന്ദു ഉദ്ഘാടനം ചെയ്തു**

നിലവിൽ സർവകലാശാലകൾക്ക് ലഭ്യമാക്കുന്ന ഇ ജേണൽ പ്ലാറ്റ് ഫോം സേവനം കോളേജുകളിലേക്ക് കൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ സമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ നടന്ന ഇ ജേണൽ കൺസോർഷ്യവുമായി ബന്ധപ്പെട്ട ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഓൺലൈൻ ജേണലുകൾ സൗജന്യമായി ലഭിച്ചിരുന്നത് യു ജി സി നിർത്തലാക്കിയ പശ്ചാത്തലത്തിലാണ് പരമാവധി ഇ ജേണലുകൾ സമാഹരിച്ചു നമ്മുടെ ഗവേഷകർക്കും അധ്യാപകർക്കും എത്തിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചത്. നൂതനത്വവും ഏറ്റവും പുതിയ ഗവേഷണാത്മക കണ്ടെത്തലുകളും വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷകർക്കും സമയബന്ധിതമായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സംഘടിപ്പിക്കപ്പെട്ട, കേരളത്തിൽ വികസിപ്പിച്ചെടുത്ത ബദൽ സംവിധാനമാണ് ഇ ജേണൽ കൺസോർഷ്യം. നിംബസ്, സേവിയർ തുടങ്ങിയ അന്തർദേശീയ സ്വീകാര്യതയുള്ള ഏജൻസികളുടെ സഹായത്തോടുകൂടിയാണ് റീജണൽ കൺസോർഷ്യം പ്രവർത്തിക്കുന്നത് എന്നുള്ളത് അഭിമാനകരമാണ്. വലിയ വൈജ്ഞാനിക വിസ്ഫോടനത്തിന്റെ യുഗമെന്ന നിലയിൽ ഒരോ വൈജ്ഞാനിക ശാഖയിലും ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുകയെന്നത് ഇന്നത്തെ സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ അനിവാര്യതയാണ്.

അങ്ങനെ എപ്പോഴും നമ്മുടെ അറിവിനെ കാലാനുസൃതമായി പരിഷ്കരിച്ചുകൊണ്ട് മുന്നോട്ടു പോകണം നമ്മുടെ സർവകലാശാലകളിലും കലാലയങ്ങളിലുമുള്ള അക്കാദമിക സമൂഹത്തെ ഏറ്റവും പുതിയ കാലത്തിന് അനുസൃതമായ രീതിയിൽ സജ്ജമാക്കുക എന്നുള്ള വലിയ ഉത്തരവാദിത്തം നമുക്കുണ്ട്. ഓൾ ഇന്ത്യ ഹയർ എജുക്കേഷൻ സർവ്വേ അടിസ്ഥാനത്തിൽ സാമൂഹിക നീതിയിലും തുല്യതയിലുമടക്കം വളരെ മുന്നിലാണ്. എന്നാൽ ഗവേഷക മേഖലയിലടക്കം ഇനി കൂടുതൽ മുന്നോട്ടു പോകേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തി ഇൻറർ യൂണിവേഴ്സിറ്റി, ഇൻറർ ഡിസിപ്ലിനറി സെൻറർ എന്ന നിലയിൽ മികവിന്റെ കേന്ദ്രങ്ങൾ ഗവേഷണ മേഖലയിൽ ഉണ്ടാകണമെന്ന് സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ പ്രാരംഭ നടപടികളുമായി മുന്നോട്ടു പോകുകയാണ്. ഇ ജേണൽ കൺസോർഷ്യം ലഭ്യമാക്കുന്ന പ്ലാറ്റ്ഫോമിൽ ആക്സസ് ലഭിക്കുന്നവരുടെ എണ്ണം വർധിപ്പിക്കാനുള്ള പരിശ്രമം ലൈബ്രറിയന്മാരുടെ ഭാഗത്തുനിന്നും സർവകലാശാല മേധാവികളുടെ ഭാഗത്തുനിന്നും ഉണ്ടാകണം.ആളുകൾ വായിക്കുകയും അവരുടെ വൈജ്ഞാനിക ജീവിതത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുമ്പോഴാണ് ഇ ജേണൽ കൺസോർഷ്യം എന്ന ആശയം അർത്ഥപൂർണമാകുന്നത്. ഇതിനാവശ്യമായ നിർദേശങ്ങൾ രൂപീകരിച്ച് ഉന്നതവിദ്യാഭ്യാസ കൗൺസിലിന് സമർപ്പിക്കാൻ ശിൽപ്പശാലക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ രാജൻ ഗുരുക്കൾ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, എൽസേവിയർ റീജിയണൽ ഡയറക്ടർ നിതിൻ റാവത്ത്, ജി ഐ എസ് ടി അസോസിയേറ്റ് ഡയറക്ടർ കെ കാർത്തികേയൻ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിസർച്ച് ഓഫീസർ ടിഞ്ചു പി ജയിംസ് എന്നിവർ സംബന്ധിച്ചു.

# ഡിവൈഎഫ്ഐ നേതാവ് നിഥിൻ പുല്ലനെ കാപ്പ ചുമത്തി നാടുകടത്താൻ ഉത്തരവ്

തൃശൂർ: ചാലക്കുടിയിൽ പോലീസ് ജീപ്പ് തകർത്ത ഡിവൈഎഫ്ഐ നേതാവ് നിഥിൻ പുല്ലനെ കാപ്പ ചുമത്തി നാടുകടത്താൻ ഉത്തരവ്. ആറുമാസത്തേക്ക് നാടുകടത്താനാണ് ഡിഐജി അജിതാബീഗം ഉത്തരവിട്ടത്.

കേസിൽ 54 ദിവസത്തെ ജയിൽവാസത്തിന് ശേഷം ഫെബ്രുവരി 13 നാണ് നിഥിൻ ജാമ്യത്തിലിറങ്ങിയത്.

ജീപ്പ് കത്തിച്ചത് ഉൾപ്പെടെ ചാലക്കുടി പോലീസ് സ്റ്റേഷനിൽ മൂന്നും ആളൂർ സ്റ്റേഷനിൽ ഒരു കേസിലും പ്രതിയായിരുന്നു ഡിവൈഎഫ്ഐ ബ്ലോക്ക് പ്രസിഡൻറായ നിഥിൻ പുല്ലൻ.

ഡിസംബർ 22 ന് ചാലക്കുടി ഐടിഐ തെരഞ്ഞെടുപ്പ് വിജയാഹ്ലാദ പ്രകടനത്തിനിടെയാണ് നിഥിൻ പോലീസ് ജീപ്പ് തടഞ്ഞുനിർത്തുകയും അടിച്ചുതകർക്കുകയും ചെയ്തത്.

അന്നുതന്നെ ഇയാളെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നുവെങ്കിലും സിപിഎം പ്രവർത്തകർ ഇടപെട്ട് മോചിപ്പിച്ചു.

ഇതിന് ശേഷം ഒളിവിൽ പോയ നിഥിനെ പോലീസ് അറസ്റ്റ് ചെയ്യുകയായിരുന്നു. പൊതുമുതൽ നശിപ്പിക്കൽ, വധശ്രമം ഉൾപ്പടെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരമാണ് ഇയാൾക്കെതിരേ കേസെടുത്തത്.

## മലപ്പുറത്ത് കാൽപ്പന്തിനിടെ കൈയാങ്കളി; ഐവറി കോസ്റ്റ് താരം പരാതി നൽകി

മലപ്പുറം: അരീക്കോട് ഫുട്ബാൾ മത്സരത്തിനിടെ കാണികളാൽ ആക്രമിക്കപ്പെട്ട സംഭവത്തിൽ ഐവറി കോസ്റ്റ് താരം ഹസൻ ജൂനിയർ(21) ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകി. കാണികളുടെ ഭാഗത്ത് നിന്ന് വംശീയ അധിക്ഷേപം ഉണ്ടായെന്നും ചിലർ 'ബ്ലാക്ക് മങ്കി' എന്ന് വിളിച്ചു പ്രകോപ്പിക്കുകയാണ് ചെയ്തതെന്നും ഹസൻ പറഞ്ഞു.

ഇതിനിടെ ചിലർ കല്ലെറിഞ്ഞെന്നും ഇത് ചോദിക്കാൻ ചെന്ന തന്നെ സംഘം ചേർന്ന് മർദിക്കുകയായിരുന്നു. കേരളത്തിൽ കളിക്കാൻ ഭയമുണ്ടെന്നും സംഭവത്തിൽ ഐവറി കോസ്റ്റ് എംബസിക്ക് പരാതി നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഞായറാഴ്ചയാണ് ചെമ്രക്കാട്ടൂരിൽ നടന്ന ഫുട്ബാൾ മത്സരത്തിനിടെ ഹസൻ ആക്രമിക്കപ്പെട്ടത്. മൈതാനത്തിൽ ഒരു കൂട്ടം കാണികൾ താരത്തെ ഓടിച്ചിട്ട് തല്ലുന്ന ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. നിലവിൽ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും താരത്തെ തല്ലുന്ന വീഡിയോ ക്ലിപ്പുകൾ പ്രചരിക്കുന്നുണ്ട്.

## മൂന്നാറിൽ വീണ്ടും കാട്ടാന; ജനവാസമേഖലയിലെത്തിയത് കട്ടക്കൊമ്പൻ

ദേവികുളം: മൂന്നാറിൽ പടയപ്പയ്ക്കു പിന്നാലെ ജനവാസമേഖലയിൽ വീണ്ടും കാട്ടാനയിറങ്ങി. സെവൻ മല എസ്റ്റേറ്റിലെ പാർവതി ഡിവിഷനിൽ രാവിലെ എട്ടോടെയാണ് കട്ടക്കൊമ്പൻ എന്ന ആനയെത്തിയത്.

രാവിലെ തോട്ടംതൊഴിലാളികളാണ് അനയെ കണ്ടത്. ഉടൻതന്നെ അവർ വനംവകുപ്പിനെ വിവരമറിയിച്ചു. ഉദ്യോഗസ്ഥർ എത്തുന്നതിനു മുമ്പുതന്നെ ആളുകൾ ബഹളംവച്ച് ആനയെ തുരത്തി.

നിലവിൽ ആന ഉൾക്കാട്ടിലേക്ക് മാറിയെന്നാണ് വനംവകുപ്പ് അധികൃതർ അറിയിച്ചത്. പ്രദേശത്ത് ജാഗ്രതാനിർദേശം നല്കിയിട്ടുണ്ട്.

നേരത്തെ രണ്ടുപേരെ കൊലപ്പെടുത്തിയ ആനയാണ് കട്ടക്കൊമ്പനെന്നാണ് നാട്ടുകാർ പറയുന്നത്. എന്നാൽ വനംവകുപ്പ് ഇത് സ്ഥിരീകരിച്ചിട്ടില്ല.

## കുളക്കടയിൽ ഹൈടെക് അങ്കണവാടി കെട്ടിടം ഉദ്ഘാടനം ചെയ്തു

കൊട്ടാരക്കര: വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് കുളക്കട ഗ്രാമപഞ്ചായത്തിലെ 61ാം നമ്പർ പാത്തല അങ്കണവാടി കെട്ടിടത്തിൻറെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് എസ്.രഞ്ജിത്ത് നിർവഹിച്ചു.

കുളക്കട ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സജി കടൂക്കാല അധ്യക്ഷനായി. ബ്ലോക്ക് വൈസ് പ്രസിഡൻറ് ദിവ്യ ചന്ദ്രശേഖർ ആ മുഖപ്രസംഗം നടത്തി.

സ്വന്തമായി സ്ഥലം ഇല്ലാതിരുന്ന അങ്കണവാടിക്ക് 3.5 സെൻറ് സ്ഥലം പൂവറ്റൂർ പടിഞ്ഞാറ് കൽപ്പകം വീട്ടിൽ രാജേന്ദ്രൻ പിള്ള സൗജന്യമായി നൽകിയതിനെ തുടർന്നാണ് ആധുനിക സൗകര്യങ്ങളോടെ കെട്ടിടം നിർമിച്ചത്. ചടങ്ങിൽ രാജേന്ദ്രൻ പിള്ളയെ ബ്ലോക്ക് പ്രസിഡൻറ് ആദരിച്ചു. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിനെ കൂടാതെ കൊല്ലംജില്ല പഞ്ചായത്ത്, കുളക്കട ഗ്രാമപഞ്ചായത്ത് എന്നിവയുടെ ഫണ്ടുകൾ കൂടി ഉൾപ്പെടുത്തി 15 ലക്ഷം രൂപ ചെലവിട്ടാണ് കെട്ടിടം പണി പൂർത്തീകരിച്ചത്.

ജില്ലാ പഞ്ചായത്തംഗം ആർ രശ്മി, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡൻറ് പി . ബി. ബീന, ബ്ലോക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എ. അജി, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ എൻ.മോഹനൻ, അഡ്വ. ബെച്ചി. ബി. മലയിൽ, ഒ. ബിന്ദു. സിനി ജോസ്,പാത്തല വാർഡ് മെമ്പർ ഓ.ഷീലാകുമാരി, സിഡിപിഒ ജെ. ജയകുമാരി, സൂപ്പർവൈസർ രാഖി എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

## അനധികൃത പണപ്പിരിവെന്ന പരാതി; കുടുംബശ്രീ ഓഫീസിൽ വിജിലൻസ് പരിശോധന

കാട്ടാക്കട: മാറനല്ലൂർ: പഞ്ചായത്തിലെ കുടുംബശ്രീയുടെ ഓഫീസിൽ വിജിലൻസ് പരിശോധന നടത്തി. ചൊവ്വാഴ്ച രാവിലെ 10. 30നായിരുന്നു വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തിയത്. വൈകുന്നേരം അഞ്ചിനാണ് പരിശോധനകൾ അവസാനിച്ചത്. ശാസ്തമംഗലം യൂണിറ്റ് സർക്കിൾ ഇൻസ്പെക്ടർ സനൽ കുമാറിൻറെ നേതൃത്വത്തിൽ ആയിരുന്നു പരിശോധന. രസീത് ബുക്ക് ഉൾപ്പെടെ ഓഫീസിൽ നിന്നും കണ്ടെടുത്ത രേഖകൾ വിശദമായി പരിശോധിച്ചതിനു ശേഷമേ കൂടുതൽ വിവരങ്ങൾ വ്യക്തമാക്കാൻ കഴിയൂ എന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

പഞ്ചായത്തിലെ തന്നെ മറ്റൊരു കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾ നൽകിയ പരാതിയെ തുടർന്നാണ് പരിശോധന നടത്തിയതെന്നാണ് സൂചന. കുടുംബശ്രീ സംഘങ്ങൾക്ക് അനുവദിക്കുന്ന വായ്പക്ക് കുടുംബശ്രീ ഓഫീസിൽ വ്യാജ രസീത് നൽകി പണപ്പിരിവ് നടത്തിയതായും ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് പരിശോധന. വ്യാപകമായി അനധികൃത പണപ്പിരിവ് നടത്തുന്നതായും പരാതിയിൽ പരാമർശിക്കുന്നുണ്ട്.

# കടൽമിഴി പദ്ധതിയിൽ കൃപാസനം കടലോര കലകളെ ഉൾപ്പെടുത്തും: മന്ത്രി സജി ചെറിയാൻ

ചേർത്തല: കടൽമിഴി പദ്ധതിയിൽ കൃപാസനം കടലോര കലകളെ ഉൾപ്പെടുത്തുമെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. കലവൂർ കൃപാസനത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവും വൈജ്ഞാന സാഹിത്യകാരനുമായ കലവൂർ കൃപാസനം ഡയറക്ടർ ഡോ. വി. പി. ജോസഫ് വലിയവീട്ടിൽ രചിച്ച തീരവിജ്ഞാനീയം, കടലോരകലാരൂപങ്ങൾ എന്നീ പുസ്തകങ്ങളുടെ പ്രകാശനവും നടന്നു. സമ്മേളനത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു. തീരവിജ്ഞാനീയം എന്ന പുസ്തകത്തിൻറെ പ്രകാശനം മന്ത്രി സജി ചെറിയാനും കടലോരകലാരൂപങ്ങളുടെ ഡയറക്ടറിയുടെ പ്രകാശനം സാംസ്കാരിക വകുപ്പ് സെക്രട്ടറി മിനി ആൻറണിയും നിർവഹിച്ചു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ജിനീഷ് കുമാറും കൃപാസനം പബ്ലിക്കേഷൻ സെക്രട്ടറി സിസ്റ്റർ ജോമോൾ ജോസഫും പുസ്തകങ്ങളെ പരിചയപ്പെടുത്തി. മുൻ എംപി ഡോ. കെ. എസ്. മനോജ്, സാഹിത്യകാരനായ കെ. എ. സെബാസ്റ്റ്യൻ എന്നിവർ പുസ്തകങ്ങളുടെ ആദ്യപ്രതികൾ ഏറ്റുവാങ്ങി. സംസ്ഥാന ബാലസാഹിത്യ അവാർഡ് ജേതാവായ സെബാസ്റ്റ്യൻ പള്ളിത്തോടിനെ പി. പി ചിത്തരഞ്ജൻ എംഎൽഎ ആദരിച്ചു.

കെആർസിബിസി ഹെറിറ്റേജ് കമ്മീഷൻ സെക്രട്ടറിയും വിജയപുരം രൂപതയുടെ കോപ്പറേറ്റീവ് മാനേജരും കൂടിയായ ഡോ. ആൻറണി പാട്ടപ്പറമ്പിൽ മുഖ്യ പ്രഭാഷണം നടത്തി. കൃപാസനം സ്പിരിചൽ ആനിമേറ്റർ ഫാ. ക്ലിൻറൺ ജെ. സാംസൺ, വൈസ് ഡയറക്ടർ തങ്കച്ചൻ പനയ്ക്കൽ, ജനറൽ മാനേജർ സണ്ണി പരുത്തിയിൽ, പിആർഒ അഡ്വ. എഡ്വേർഡ് തുറവൂർ, റോബർട്ട് കണ്ണംചിറ, ടി. എക്സ്. പീറ്റർ, ജോസി കണ്ടക്കടവ്, മനോജ് മൈക്കിൾ, ലൂസി മാർട്ടിൻ, രതീഷ് ബാബു തകഴിയിൽ, ജോസഫ് ഫെർണാണ്ടസ് എന്നിവർ നേതൃത്വം നൽകി.

## സർക്കാർ പരാജയമെന്ന് എക്യുമെനിക്കൽ ഫോറം

മങ്കൊമ്പ്: കലാലയങ്ങളിലെ അക്രമ രാഷ്ട്രീയവും വന്യജീവി ആക്രമണവും തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്നു കുട്ടനാട് എക്യുമെനിക്കൽ ഫോറം യാഗം കുറ്റപ്പെടുത്തി. സിദ്ധാർഥനെന്ന വിദ്യാർഥിയെ ക്രൂരമായ പീഡനങ്ങൾക്കിരയാക്കിയ വിദ്യാർഥി സംഘടനയുടെ നേതാക്കന്മാരെയും പ്രവർത്തകരെയും നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിൽ പരാജയപ്പെട്ട സർക്കാർ അവരെ സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്.

കുടിയേറ്റ മേഖലയിൽ കർഷകർ വന്യജീവികളുടെ ആക്രമണത്താൽ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യം വർധിച്ചുവരുന്നതിലും കുട്ടനാട് എക്യുമെനിക്കൽ ഫോറം ആശങ്ക രേഖപ്പെടുത്തി. ഫാ. ടോണി മണിയൻചിറ യോഗം ഉദ്ഘാടനം ചെയ്തു. വേനൽ കടുക്കുമ്പോഴും കുട്ടനാട്ടിൽ കുടിവെള്ളം കിട്ടാത്ത സാഹചര്യത്തിലും യോഗം ആശങ്ക പ്രകടിപ്പിച്ചു. ഫാ. ജോസ് പറപ്പള്ളി, ഫാ. ജോസഫ് കട്ടപ്പുറം, ഫാ. ബൈജു ആചിറത്തലയ്ക്കൽ, ഫാ. ഐബിൻ പകലോമറ്റം, ഫാ. ജേക്കബ് പാറക്കൽ, സാബു തോട്ടുങ്കൽ, ജിനോ ജോസഫ്, സാബു തോട്ടുങ്കൽ എന്നിവർ പ്രസംഗിച്ചു. സിബിച്ചൻ തുണ്ടിയിൽ, ആൻറണി വർഗീസ് എന്നിവർ നേതൃത്വം നൽകി.

## കാഷ്യൂ കോർപറേഷൻ ഫാക്ടറികൾ വീണ്ടും പ്രവർത്തന നിരതമായി

കൊല്ലം:ടാൻസാനിയയിൽ നിന്നും തോട്ടണ്ടി എത്തിയതോടെ കാഷ്യൂ കോർപറേഷൻ ഫാക്ടറികൾ വീണ്ടും പ്രവർത്തനം ആരംഭിച്ചു. പുതുക്കിയ 23 ശതമാനം കൂലി വർധന കൂടി പ്രാബല്യത്തിൽ വന്നതും തൊഴിലാളികളെ ആവേശഭരിതരാക്കി. ഈ വർഷം മുടക്കമില്ലാതെ തുടർച്ചയായി ജോലി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ചെയർമാൻ എസ്. ജയമോഹൻ പറഞ്ഞു.

. തൂത്തുക്കുടി പോർട്ടിൽ നിന്നും എത്തിയ ടാൻസാനിയ ഗുണമേന്മയുള്ള തോട്ടണ്ടി ഉപയോഗിച്ചാണ് ഫാക്ടറികൾ തുറന്ന് പ്രവർത്തനം പുനരാരംഭിച്ചത്. ഘാന, ഐവറികോസ്റ്റ് എന്നീ രാജ്യങ്ങളിൽ നിന്നുമുള്ള 12000 മെട്രിക്ക് ടൺ തോട്ടണ്ടി കൂടി ഉടൻ എത്തുന്നതോടെ ഈ വർഷം തുടർച്ചയായി ജോലി നൽകാൻ സാധിക്കും. 14,000 ൽ അധികം തൊഴിലാളികളാണ് കോർപറേഷൻ ഫാക്ടറികളിലെ വിവിധ സെക്ഷനുകളിൽ ജോലി ചെയ്യുന്നത്. ഷെല്ലിങ് ജോലിയാണ് ആരംഭിച്ചത്. തുടർന്ന് പീലിംങ്, ഗ്രേഡിങ് സെക്ഷനുകൾ കൂടി ആരംഭിക്കുന്നതോടെ ഫാക്ടറികൾ പൂർണതോതിൽ പ്രവർത്തനസജ്ജമാകും.

# പമ്പയുടെ തീരത്തെ കടവുകൾക്ക് സംരക്ഷണമില്ല; കടവുകൾ വൃത്തിയാക്കി നാട്ടുകാർ

ചെങ്ങന്നൂർ: പമ്പാനദിയുടെ തീരത്തെ കടവുകൾ സംരക്ഷിക്കുവാൻ ഭരണകൂടം തയാറാവാത്തതിനെത്തുടർന്ന് പാണ്ടനാട് പഞ്ചായത്തിൽ ചെളിയും മണ്ണുമടിഞ്ഞ രണ്ടു കടവുകൾ നാട്ടുകാർ ശ്രമദാനത്തിലൂടെ ഉപയോഗയോഗ്യമാക്കി. വെള്ളപ്പൊക്കക്കാലത്ത് അടിയുന്ന മണ്ണും ചെ ളിയും നീക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്കു ഗുരുതര വീഴ്ചയാണുണ്ടായിരിക്കുന്നത്. പാണ്ടനാട് പഞ്ചായത്തിൻറെ 13,14 വാർഡുകളിലായി എട്ടു കടവുകളാണുള്ളത്. അടിച്ചിക്കാവ്, പാച്ചേരിക്കടവ്, മുണ്ടിയറക്കടവ്, കൊട്ടാരത്തിൽക്കടവ്, നാക്കടക്കടവ്, പാറക്കൽ, ഇല്ലിമലക്കടവ് എന്നിവയാണവ.

ഒരുകാലത്ത് മിക്ക കടവുകളിലും പഞ്ചായത്തിൻറെ കടത്തു ണ്ടായിരുന്നു. ഗതാഗത സൗകര്യങ്ങൾ വർധിച്ചതോടെ കടത്ത് ഉപേക്ഷിച്ചെങ്കിലും ആളുകൾ കുളിക്കാനും തുണിയലക്കാനും കടവുകളെയാണ് ആശ്രയിക്കുന്നത്. കടവുകളിൽ അടിയുന്ന മണ്ണും ചെളിയും അപകടങ്ങൾക്കു കാരണമാവാറുണ്ട്. വേനൽക്കാലത്ത് വെള്ളം വറ്റുന്നതോടെ ആളുകൾ കടവുകളെ കൂടുതലായി ആശ്രയിക്കും. എന്നാൽ, മിക്കയിടങ്ങളിലും ഇറങ്ങാൻ പറ്റാത്ത അവസ്ഥയിലായിരുന്നു. ഈ കാര്യങ്ങൾ ചൂണ്ടിക്കാണിച്ച് പമ്പാ റസിഡൻറ്സ് ഫോറം കടവുകൾ വൃത്തിയാക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്തിനു നിവേദനം നൽകിയിരുന്നു. എന്നാൽ, പഞ്ചായത്തിൻറെ ഭാഗത്തുനിന്നു നടപടിയുണ്ടാകാത്തതിനെത്തുടർന്നാണ് നാട്ടുകാർ കഴിഞ്ഞദിവസം നാക്കടക്കടവും മുണ്ടിയറക്കടവും വൃത്തിയാക്കിയത്.

മുൻകാലങ്ങളിൽ പഞ്ചായത്ത് കടവുകൾ സമയാസമയങ്ങളിൽ വൃത്തിയാക്കുമായിരുന്നു. എന്നാൽ, ഫണ്ടിൻറെ കുറവുമൂലം മണ്ണും ചെളിയും മാറ്റുന്നത് നടക്കുന്നില്ല. കടവുകൾവൃത്തിയാക്കുന്ന ജോലികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കാൻ നടപടിവേണമെന്നാണ് ആവശ്യം. അതേസമയം, ജില്ലാ പഞ്ചായത്ത് 18 കടവുകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് പ്രസിഡൻറ് ജയിൻ ജിനു പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ശബരിമല വിമാനത്താവളം: ഭൂമിയേറ്റെടുക്കൽ വിജ്ഞാപനമിറങ്ങി



തിരുവനന്തപുരം : ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് വിജ്ഞാപനം പുറത്തിറക്കി സംസ്ഥാന സർക്കാർ. 1000.28 ഹെക്ടർ ഭൂമിയാണു സർക്കാർ ഏറ്റെടുക്കുന്നത്. ആക്ഷേപമുള്ളവർ 15 ദിവസത്തിനുള്ളിൽ അക്കാര്യം അറിയിക്കണമെന്നാണ് നിർദ്ദേശം.

47 സർവേ നമ്പരുകളിൽ നിന്നായി 441 കൈവശങ്ങളാണ് ഏറ്റെടുക്കുന്നത്. എരുമേലി തെക്ക്, മണിമല വില്ലേജുകളിലെ 19, 21,22, 23 ബ്ലോക്കുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നത്. എരുമേലി തെക്ക് വില്ലേജിലെ ബ്ലോക്ക് നമ്പർ 22 ൽ ഉൾപ്പെട്ട 281, 282, 283 സർ!വേ നമ്പരുകൾ കൂടാതെ മണിമല വില്ലേജിലെ ബ്ലോക്ക് നമ്പർ 21 ൽ ഉൾപ്പെട്ട 299 സർവേ നമ്പരിൽ ഉൾപ്പെട്ട 2264.09 ഏക്കർ സ്ഥലമാണ് ചെറുവള്ളി എസ്റ്റേറ്റിൽ നിന്ന് ഏറ്റെടുക്കുന്നത്. വിമാനത്താവളത്തിന്റെ ആദ്യഘട്ടം 2027ൽ പ്രവർത്തനക്ഷമം ആകുമെന്നാണു സർക്കാരിന്റെ പ്രതീക്ഷ. വിമാനത്താവളത്തിന് 1.85 കോടി രൂപയാണ് ഇക്കുറി ബജറ്റിൽ അനുവദിച്ചത്. സാധ്യതാ പഠനത്തിനും വിശദമായ പദ്ധതി രേഖ തയാറാക്കുന്നതടക്കമുള്ള നടപടികൾക്കുമാണു തുക അനുവദിച്ചതെന്നു ബജറ്റിൽ പറയുന്നു. കഴിഞ്ഞ വർഷം ഇത് 2.01 കോടി രൂപയായിരുന്നു.

# സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗം സർവകാല റിക്കാർഡിൽ

തിരുവനന്തപുരം: ചൂട് കൂടിയതോടെ സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗവും വർധിച്ചു. 100 ദശലക്ഷം യൂണിറ്റ് കടന്നിരിക്കുകയാണ് വൈദ്യുതി ഉപഭോഗം.

ഇന്നലെ മാത്രം സംസ്ഥാനത്ത് ഉപയോഗിച്ചത് 100. 16 ദശലക്ഷം യൂണിറ്റാണ്. ഇതിൽ പീക്ക് സമയത്ത് മാത്രം ആവശ്യമായി വന്നത് 5031 മെഗാവാട്ട് വൈദ്യുതിയാണ്.

വൈദ്യുതി ഉപയോഗം നിയന്ത്രിക്കുന്നതിനായി പീക്ക് സമയത്ത് ഉപയോഗം കുറയ്ക്കണമെന്ന് കെഎസ്ഇബിയുടെ മുന്നറിയിപ്പുണ്ട്. ഇനിയും ഉപയോഗം വർധിച്ചാൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടിവരുമെന്നും കെഎസ്ഇബി വ്യക്തമാക്കി.

സംസ്ഥാനത്ത് ഉയർന്ന ചൂട് അനുഭവപ്പെടുന്നതോടെ എസി ഉപയോഗം കൂടുന്നതാണ് വൈദ്യുതി ഉപയോഗവും വർധിക്കാൻ കാരണമെന്നാണ് സൂചന. കഴിഞ്ഞ വർഷം ഏപ്രിൽ 18ന് രേഖപ്പെടുത്തിയ ഉപയോഗം 5024 മെഗാവാട്ടാണ്. ഇനിയും സ്ഥിതി തുടർന്നാൽ കടുത്ത വൈദ്യുതി ക്ഷാമത്തിലേക്കായിരിക്കും സംസ്ഥാനം എത്തുക. അങ്ങനെയെങ്കിൽ വൈദ്യുതി വിലയ്ക്കുവാങ്ങുന്നതും നിയന്ത്രണവുമടക്കം സർക്കാരിന് പരിഗണിക്കേണ്ടതായി വരും.

# ഇലക്ട്രൽ ബോണ്ട് വിശദാംശങ്ങൾ കൃത്യസമയത്ത് പുറത്തുവിടും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ

ജമ്മുകാശ്മീർ: ഇലക്ടറൽ ബോണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം എസ്.ബി.ഐയിൽനിന്ന് ലഭിച്ചിട്ടുണ്ടെന്നും വിവരങ്ങളെല്ലാം കൃത്യസമയത്ത് പുറത്തുവിടുമെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ. ഇലക്ടറൽ ബോണ്ടുകളുടെ വിശദാംശങ്ങൾ സുപ്രീം കോടതി ഉത്തരവ് പ്രകാരം എസ്.ബി.ഐ തിരഞ്ഞെടുപ്പ് കമ്മീഷന് കൈമാറിയ സാഹചര്യത്തിലായിരുന്നു അദ്ദേഹത്തിൻറെ പ്രതികരണം.

മാർച്ച് 12ന് സമർപ്പിക്കേണ്ടിയിരുന്ന വിവരങ്ങൾ എസ്.ബി.ഐ നൽകിയിട്ടുണ്ട്. ഈ വിവരങ്ങൾ കമ്മീഷൻ പരിശോധിച്ച് സമയത്ത് പുറത്തുവിടും, രാജീവ് കുമാർ വ്യക്തമാക്കി. തിരഞ്ഞെടുപ്പിന് മുന്നൊരുക്കങ്ങൾ വിലയിരുത്താനായി നടത്തിയ ജമ്മു കശ്മീർ സന്ദർശനത്തിനിടെയായിരുന്നു മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ പ്രതികരണം.

2019 മുതൽ ഇതുവരെ 22,217 തിരഞ്ഞെടുപ്പ് ബോണ്ടുകൾ വ്യക്തികളും സ്ഥാപനങ്ങളും ട്രസ്റ്റുകളും വാങ്ങിയിട്ടുണ്ടെന്നും ഇതിൽ 22,030 ബോണ്ടുകൾ രാഷ്ട്രീയ പാർട്ടികൾ പണമാക്കിയെന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നേരത്തെ സുപ്രീം കോടതിയെ അറിയിച്ചിരുന്നു. ഇതു സംബന്ധിച്ച വിവരങ്ങളാണ് ചൊവ്വാഴ്ച എസ്.ബി.ഐ തിരഞ്ഞെടുപ്പ് കമ്മീഷന് കൈമാറിയത്.

ആരൊക്കെ എത്രയൊക്കെ ബോണ്ടുകൾ വാങ്ങിയെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചിട്ടുണ്ടെന്ന് എസ്.ബി.ഐ സുപ്രീംകോടതിയെ അറിയിച്ചിരുന്നു. ഏത് രാഷ്ട്രീയ പാർട്ടി എത്ര ബോണ്ടുകൾ ഏതൊക്കെ തീയതികളിൽ പണമാക്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച എല്ലാ വിവരങ്ങളും വെള്ളിയാഴ്ച വൈകുന്നേരത്തിനകം തിരഞ്ഞെടുപ്പ് കമ്മീഷൻ വെബ് സൈറ്റിലൂടെ പരസ്യപ്പെടുത്തണമെന്നാണ് സുപ്രീംകോടതി ഉത്തരവ്

## ഭർത്താവിനും മകനുമൊപ്പം വിനോദസഞ്ചാരത്തിന് മൂന്നാറിലെത്തി; 33കാരി തൂങ്ങിമരിച്ച നിലയിൽ

മൂന്നാർ : ഭർത്താവിനും മകനുമൊപ്പം വിനോദസഞ്ചാരത്തിനെത്തിയ യുവതിയെ റിസോർട്ടിലെ ശുചിമുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പത്തനംതിട്ട കോന്നി വള്ളിക്കോട്ട് പൂവള്ളി പടിഞ്ഞാറേതിൽ ജ്യോതി (33) ആണു മരിച്ചത്. ഇന്നു പുലർച്ചെ ഒരുമണിയോടെയാണു ജ്യോതിയും ഭർത്താവ് മനുവും മൂന്നു വയസ്സുള്ള മകനൊപ്പം പഴയ മൂന്നാറിലെ റിസോർട്ടിൽ മുറിയെടുത്തത്. രാവിലെ ശുചിമുറിയിൽ പോയ ജ്യോതി മടങ്ങിവരാൻ താമസിച്ചതോടെ മനു അന്വേഷിച്ചെത്തിയപ്പോളാണു മരിച്ചനിലയിൽ കണ്ടെത്തിയത്. മൂന്നാർ പൊലീസ് കേസെടുത്തു

# പൗരത്വ നിയമഭേദഗതി: ചോദ്യംചെയ്തുള്ള ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും

ഡൽഹി: പൗരത്വഭേദഗതി നിയമത്തിനെതിരേയുള്ള ഹർജികൾ സുപ്രീം കോടതി ബുധനാഴ്ച പരിഗണിക്കും. അടിയന്തരമായി വാദം കേൾക്കണമെന്ന് ഹർജിക്കാരായ മുസ്ലിം ലീഗും ഡിവൈഎഫ്ഐയും കോടതിയോട് അപേക്ഷിക്കും. ചീഫ് ജസ്റ്റീസ് ഡി. വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ മൂന്നംഗ ബെഞ്ചിന് മുന്നിലാകും ആവശ്യമുയർത്തുക. രാവിലെ പത്തരയ്ക്ക് സുപ്രീം കോടതിയിൽ വിഷയം ഉന്നയിക്കുന്നതിനുള്ള അപേക്ഷ ഡിവൈഎഫ്ഐയും ലീഗും ഇതിനകം നൽകിയിട്ടുണ്ട്. കേരളവും സുപ്രീം കോടതിയിൽ സമാന ആവശ്യം ഉയർത്തും. സംസ്ഥാന സർക്കാർ ഉൾപ്പടെയുള്ളവർ നൽകിയ ഹർജി കോടതി 2020ൽ തന്നെ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. പൗരത്വ ഭേദഗതിനിയമം നടപ്പാക്കില്ലെന്നായിരുന്നു കേന്ദ്രം സുപ്രീം കോടതിയിൽ നൽകിയ ഉറപ്പ്. ഇതിന് വിരുദ്ധമാണ് കേന്ദ്ര സർക്കാരിൻറെ വിജ്ഞാപനമെന്ന് ഹർജിക്കാർ വാദിക്കുന്നു.



ഭരണഘടന ഉറപ്പുനൽകുന്ന തുല്യതയ്ക്ക് വിരുദ്ധമാണ് പൗരത്വ നിയമമെന്നും ഒരു മതത്തെ മാത്രം നിർത്തി പൗരത്വം നൽകുന്നത് പ്രഥമ ദൃഷ്ട്യ ഭരണഘടനാ വിരുദ്ധമാണെന്നും ഹർജിക്കാർ ചൂണ്ടിക്കാട്ടുന്നു. തിങ്കളാഴ്ചയാണ് പൗരത്വ ഭേദഗതി നിയമം രാജ്യത്ത് പ്രാബല്യത്തിൽവന്നത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയമാണ് ഇതുസംബന്ധിച്ച വിജ്ഞാപനമിറക്കിയത്. 2014 ഡിസംബർ 31 ന് മുമ്പ് രാജ്യത്ത് കുടിയേറിയ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽനിന്നുള്ള ആറ് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് (ക്രിസ്ത്യൻ, ഹിന്ദു, ജൈന, ബുദ്ധ, സിഖ്, പാഴ്സി) ഇന്ത്യൻ പൗരത്വം ലഭിക്കുന്നതിനായാണ് ഈ ഭേദഗതി.

# ഹെപ്പറ്റൈറ്റിസ് എ തടയാൻ ചുങ്കത്തറയിൽ ആരോഗ്യ പ്രവർത്തകരുടെ യോഗം

നിലമ്പൂർ: ഹെപ്പറ്റൈറ്റിസ് എ പടരുന്നത് തടയാൻ ചുങ്കത്തറ ആരോഗ്യ ബ്ലോക്ക് തലത്തിൽ ആരോഗ്യ പ്രവർത്തകരുടെ യോഗം ചേർന്നു. നാഷണൽ സെൻറർ ഫോർ ഡിസീസ് കൺട്രോളിലെ എപ്പിഡെമിക് ഇൻറലിജൻസ് സർവീസ് ഓഫീസർ ഡോ. വിനീഷ് പണിക്കർ വിശദമായ അവലോകനം നടത്തി.

രോഗികളെ കൃത്യമായ രീതിയിൽ തുടർ പരിശോധന നടത്തുവാനും ഉറവിടം കണ്ടെത്താനും വിശദമായ പ്രോട്ടോക്കോൾ രൂപീകരിച്ചു. വേനൽകാലം രൂക്ഷമായ സാഹചര്യത്തിൽ പകർച്ച സാധ്യതയുള്ള പ്രവണതകൾ ഒഴിവാക്കുകയും ഹോട്ടലുകളിൽ നിന്നും കൂൾബാറുകളിൽ നിന്നുമുള്ള ഭക്ഷണ, പാനീയ രീതികൾ ഒഴിവാക്കാനും നിർദേശിച്ചു. കുളിക്കുവാൻ ഉപയോഗിക്കുന്ന വെള്ളം, പാത്രം കഴുകുവാൻ ഉപയോഗിക്കുന്ന വെള്ളം ഇവയെല്ലാം ശുദ്ധമാണെന്ന് ഉറപ്പാക്കണം.

പുഴ വെള്ളം മലിനമാകാൻ സാധ്യതയുള്ളതിനാൽ പുഴ വെള്ളം ഉപയോഗിച്ചുള്ള കുളി, പാത്രം കഴുകൽ ഇവ ഒഴിവാക്കുക. പനി, ശരീര ക്ഷീണം, ഓക്കാനം, ഛർദ്ദി, വയറുവേദന, മൂത്രത്തിന് മഞ്ഞനിറം, കണ്ണിന് മഞ്ഞനിറം ഇവ മഞ്ഞപ്പിത്തരോഗ ലക്ഷണങ്ങളാണ്. ആയതിനാൽ പനി അനുഭവപ്പെട്ടാൽ സ്വയം ചികിത്സക്ക് മുതിരാതെ ആശുപത്രിയിൽ ചികിൽസ തേടണം. ആരോഗ്യ പ്രവർത്തകരെയും ആശാ പ്രവർത്തകരെയും വിവരം അറിയിക്കണം.

തുടങ്ങിയ നിർദേശങ്ങൾ നൽകി. മലമൂത്ര വിസർജനത്തിനു ശേഷവും ഭക്ഷണത്തിനു മുമ്പും കൈകൾ സോപ്പ് ഉപയോഗിച്ചു വൃത്തിയായി കഴുകുക. മലമൂത്ര വിസർജനം നിർബന്ധമായും ശുചിമുറികളിൽ മാത്രം നടത്തുക, വ്യക്തി ശുചിത്വം, പരിസര ശുചിത്വം ഇവ ഉറപ്പാക്കണമെന്നും നിർദേശിച്ചു. ഫിൽറ്ററുകളിലെ വെള്ളവും തിളപ്പിച്ചതിനു ശേഷം മാത്രം ഉപയോഗിക്കുക. രോഗികൾക്ക് വിശ്രമം ആവശ്യമാണ്. ധാരാളം വെള്ളം കുടിക്കുന്നതും ലഘുഭക്ഷണം കഴിക്കുന്നതും ഉറപ്പുവരുത്തണമെന്നും നിർദേശിച്ചു. വാർഡ് തലത്തിൽ ആരോഗ്യ പ്രവർത്തകരുടെ ടീം രൂപീകരിച്ചു. ബ്ലോക്ക് മെഡിക്കൽ ഓഫീസർ ഡോ. ലാൽ പരമേശ്വർ അധ്യക്ഷത വഹിച്ചു. ടി. ബി. യൂണിറ്റ് ഓഫീസർ ഡോ. പ്രവീണ, ജനകീയ ആരോഗ്യ കേന്ദ്രം ജില്ലാ കൺസൾട്ടൻറ് ഡോ. ഫസീല, ജില്ലാ മാസ് മീഡിയ ഓഫീസർ രാജു, ടി. എ. രാധകൃഷ്ണൻ, ഹെൽത്ത് ഇൻസ്പെക്ടർ അഞ്ജന, നിലമ്പൂർ ബ്ലോക്കിലെയും മുനിസിപ്പാലിറ്റിയിലെയും കരുളായി, അമരമ്പലം പഞ്ചായത്തുകളിലെയും ആരോഗ്യ പ്രവർത്തകരും യോഗത്തിൽ പങ്കെടുത്തു.

## പൗരത്വ നിയമഭേദഗതി: നിയമപോരാട്ടത്തിനൊരുങ്ങി സർക്കാർ

തിരുവനന്തപുരം: പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് നിയമ പോരാട്ടത്തിന് മന്ത്രിസഭാ തീരുമാനം. ഏത് രൂപത്തിൽ വേണമെന്നത് അഭിഭാഷകരുമായി ആലോചിച്ച് തീരുമാനിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

മുതിർന്ന അഭിഭാഷകരുമായി എജി ഇന്ന് ചർച്ച നടത്തുമെന്ന് നിയമമന്ത്രി പി. രാജീവ് പറഞ്ഞു. അഭിഭാഷകരുമായുള്ള ചർച്ചകൾക്കായി എജി ഡൽഹിയിലാണുള്ളത്.

ഭരണഘടനയുടെ 14,21,25 എന്നീ അനുച്ഛേദങ്ങളുടെ ലംഘനമാണ് സിഎഎ എന്നും, ചട്ടങ്ങൾ രൂപീകരിച്ചു കൊണ്ട് കേന്ദ്രം വിജ്ഞാപനം ഇറക്കിയത് റദ്ദാക്കണമെന്നുമാകും കേരളം സുപ്രീംകോടതിയിൽ ആവശ്യപ്പെടുക. പൗരത്വ നിയമ ഭേദഗതി ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ട് നേരത്തെ, സംസ്ഥാന സർക്കാർ കോടതിയിൽ ഹർജി നൽകിയിരുന്നു. പൗരത്വ നിയമഭേദഗതിയുമായി ബന്ധപ്പെട്ട് ആദ്യം സുപ്രീംകോടതിയെ സമീപിച്ച സംസ്ഥാനമാണ് കേരളം. സിഎഎ ചട്ടം മരവിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതിയിൽ പ്രത്യേക ഹർജി നൽകുമെന്ന് മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ഇന്ന് വ്യക്തമാക്കിയിരുന്നു. വിഷയത്തിൽ മുസ്ലിം ലീഗ് ചൊവ്വാഴ്ച ഹർജി സമർപ്പിച്ചിരുന്നു.

## ലോട്ടറിക്കട കുത്തിത്തുറന്ന് പണം മോഷ്ടിച്ചയാൾ അറസ്റ്റിൽ

കടുത്തുരുത്തി: ലോട്ടറിക്കട കുത്തിത്തുറന്ന് പണം മോഷ്ടിച്ച കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. ഓലം പന്ത്രണ്ടാംമൈൽ, കടയം ഭാഗത്ത് ഉറുമ്പിൽ ബാബു(57)വിനെയാണ് കടുത്തുരുത്തി പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ ഇന്നലെ പുലർച്ചെ കുറുപ്പന്തറ ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ലോട്ടറിക്കടയുടെ പൂട്ട് തകർത്ത് കടയ്ക്കുള്ളിൽ മേശയിൽ സൂക്ഷിച്ചിരുന്ന 4000 രൂപ മോഷ്ടിച്ചു കടന്നു കളയുകയായിരുന്നു. വിവരമറിഞ്ഞ് പോലീസ് പുലർച്ചെ നടത്തിയ തെരച്ചിലിൽ മണിക്കൂറുകൾക്കുള്ളിൽത്തന്നെ മോഷ്ടിച്ച പണവുമായി ഇയാളെ പിടികൂടുകയായിരുന്നു.

## രമേശ് ചെന്നിത്തല കെപിസിസി പ്രചാരണ സമിതി ചെയർമാൻ

തിരുവനന്തപുരം : മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയെ കെപിസിസി പ്രചാരണ സമിതി ചെയർമാനായി തിരഞ്ഞെടുത്തു. നിലവിൽ പ്രചാരണ സമിതി ചെയർമാനായ കെ.മുരളീധരൻ തൃശൂരിൽ സ്ഥാനാർഥിയായ പശ്ചാത്തലത്തിലാണ് ചെന്നിത്തലയെ ആ സ്ഥാനത്തേക്ക് നിയോഗിച്ചത്. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയാണ് തീരുമാനം അറിയിച്ചത്. ഇന്നലെ ടി.എൻ. പ്രതാപനെ കെപിസിസി വർക്കിങ് പ്രസിഡന്റായി നിയമിച്ചിരുന്നു.

## ലക്ഷ്യം ദരിദ്രരും ഭവനരഹിതരുമില്ലാത്ത കേരളം: മന്ത്രി രാധാകൃഷ്ണൻ

എരുമപ്പെട്ടി: ദാരിദ്ര്യവും ഭവനരഹിതരുമില്ലാത്ത കേരളമാണ് എൽഡിഎഫ് സർക്കാരിൻറെ ലക്ഷ്യമെന്ന് മന്ത്രി കെ. രാധാകൃഷ്ണൻ. കടങ്ങോട് പഞ്ചായത്തിലെ ലൈഫ് ഭവനങ്ങളുടെ താക്കോൽകൈമാറ്റ ചടങ്ങ് ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ ആദ്യമായി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണെന്ന് മന്ത്രി തുടർന്നു. രണ്ടുവർഷത്തിനുള്ളിൽ വീടില്ലാത്ത മുഴുവൻ പാവപ്പെട്ടവർക്കും വീട് നൽകും. അവകാശപ്പെട്ട വിഹിതം തടഞ്ഞുവച്ചും കടമെടുക്കാൻ അനുവദിക്കാതേയും കേന്ദ്ര സർക്കാർ കേരളത്തിൻറെ വികസന പ്രവർത്തനങ്ങളെ തകർക്കുവാൻ ശ്രമിക്കുകയാണ്. ആരും സമരംചെയ്തല്ല പെൻഷൻ തുക 1600 ആക്കി എൽഡിഎഫ് സർക്കാർ വർധിപ്പിച്ചതെന്നും മന്ത്രി പറഞ്ഞു.

പണിപൂർത്തിയായ 29 വീടുകളുടെ താക്കോൽദാനമാണ് മന്ത്രി നിർവഹിച്ചത്. ജില്ലാപഞ്ചായത്ത് നിർമിച്ച് നൽകിയ വനിതാ ജിമ്മിൻറെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

എ. സി. മൊയ്തീൻ എംഎൽഎ അധ്യക്ഷനായി. പഞ്ചായത്ത് പ്രസിഡൻറ് മീന സാജൻ, വൈസ് പ്രസിഡൻറ് പി. എസ്. പുരുഷോത്തമൻ, ജില്ലാപഞ്ചായത്ത് മെമ്പർ ജലീൽ ആദൂർ, ബ്ലോക്ക് സ്ഥിരംസമിതി അധ്യക്ഷ ലളിത ഗോപി, മെമ്പർ കെ. കെ. മണി, പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ രമണി രാജൻ, ടി. പി. ലോറൻസ്, ബീന രമേഷ്, സെക്രട്ടറി കെ. മായാദേവി എന്നിവർ പ്രസംഗിച്ചു.



കെഎസ്എഫ്ഇയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ സർക്കാർ ലാഭവിഹിതമായ 35 കോടി രൂപയുടെ ചെക്ക് കമ്പനി ചെയർമാൻ കെ വരദരാജൻ ധനകാര്യ മന്ത്രി കെ എൻ ബാലഗോപാലിന് കൈമാറുന്നു

# കെഎസ്എഫ്ഇ ലാഭവിഹിതം 35 കോടി കൈമാറി

കെഎസ്എഫ്ഇയുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭവിഹിത തുകയായ 35 കോടി രൂപ സർക്കാരിന് കൈമാറി. ധനമന്ത്രി കെ എൻ ബാലഗോപാലിന് കെഎസ്എഫ്ഇ ചെയർമാൻ കെ വരദരാജൻ തുകയ്ക്കുള്ള ചെക്ക് കൈമാറി. സാധാരണക്കാർക്ക് കൂടുതൽ ആശ്രയിക്കാവുന്ന നിലയിലേക്ക് കെഎസ്എഫ്ഇ പ്രവർത്തനം വിപുലീകരിക്കപ്പെടുന്നതായി ധനമന്ത്രി പറഞ്ഞു. മുൻ വർഷങ്ങളിലേത് അടക്കം 105 കോടി രൂപയാണ് ലാഭവിഹിതമായി ഈ വർഷം കെഎസ്എഫ്ഇ സർക്കാരിന് കൈമാറിയത്. പുറമെ ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ 114.51 കോടി രൂപയും നൽകി. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളിലും സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുന്നതിനായി ആദായകരമായ ചെറിയ ചിട്ടികൾക്ക് മുൻഗണന നൽകുന്നു. ഇതിലൂടെ എല്ലാ വിഭാഗം ജനങ്ങൾക്കും ചിട്ടിയുടെ ഗുണഫലം എത്തിക്കുകയുമുണ്ടായി. മിതമായ പലിശ നിരക്കിൽ നിരവധി വായ്പാ പദ്ധതികൾക്ക് തുടക്കമിട്ടു. ഇതിലൂടെ വായ്പാ നിക്ഷേപ അനുപാതത്തിൽ എട്ടു ശതമാനം വർദ്ധന നേടാനായി.

ഏപ്രലിൽ തുടങ്ങുന്ന സാമ്പത്തിക വർഷം ഒരു ലക്ഷം കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമാക്കി കമ്പനി പ്രവർത്തനം വിപുലപ്പെടുത്തുകയാണ്. സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലുള്ള കെഎസ്എഫ്ഇയുടെ അറ്റമൂല്യം 1134 കോടി രൂപയായി ഉയർന്നു. അംഗീകൃത മൂലധനം 250 കോടിയായി ഉയർത്തി. 24 മൈക്രോ ശാഖകൾ ഉൾപ്പെടെ 682 ശാഖകൾ നിലവിൽ മികച്ച നിലയിൽ പ്രവർത്തിക്കുന്നു.

കഴിഞ്ഞവർഷം 371 കോടി രൂപയുടെ റെക്കോർഡ് ലാഭം കമ്പനി നേടി. നടപ്പു സാമ്പത്തിക വർഷത്തിൽ ഫെബ്രുവരിയിൽതന്നെ ചിട്ടി ബിസിനസ്സ് ലക്ഷ്യം പൂർത്തിയാക്കി. നിലവിൽ ആകെ വിറ്റുവരവ് 81,000 കോടി രൂപയായി. സാധാരണക്കാർക്ക് ഏറെ സഹായകരമായ സ്വർണ്ണപ്പണയ വായ്പ 5000 കോടി രൂപയായി ഉയർന്നു. നിക്ഷേപങ്ങൾക്ക് മാറ്റ് ധനകാര്യ സ്ഥാപനങ്ങളേക്കാൾ മികച്ച പലിശ നിരക്കായ 8.25 ശതമാനം ലഭ്യമാക്കുന്നു. ചിട്ടിപ്പണത്തിന് 8.50 ശതമാനം പലിശ ഉറപ്പാക്കുന്നു. ഇതിന്റെ ഗുണഭോക്താക്കളിൽ ഏറെയും സാധാരണക്കാരാണ്. കമ്പനി പൊതുനന്മാ ഫണ്ട് ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും, ദാരിദ്ര നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി നീക്കിവയ്ക്കുന്നു. ഇത്തരത്തിൽ 4.14 കോടി രൂപ അടുത്തിടെ വിനിയോഗിച്ചു. 'കെഎസ്എഫ്ഇ പവർ ആപ്പ്' എന്ന മൊബൈൽ ആപ്പ് ലക്ഷക്കണക്കിന് ഇടപാടുകാർക്ക് സഹായകരമാകുന്നു. 2021 മെയ് മുതൽ 2016 പേർക്ക് പിഎസ്സി വഴി കെഎസ്എഫ്ഇയിൽ നിയമന ഉത്തരവ് നൽകി. ഇതിൽ 1652 പേർ ഈ സർക്കാർ വന്നതിനുശേഷം ജോലിയിൽ പ്രവേശിച്ചതായും ധനമന്ത്രി പറഞ്ഞു.